ഖുത്വ്ബ
3.3.2006
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# അഹ്മദികൾക്കെതിരെ അപവാദം

ലണ്ടനിൽനിന്ന് പുറപ്പെടുന്ന ജംഗ് പത്രത്തിൽ ഇന്നലെ ഒരു വാർത്ത വന്നിരുന്നു. അതിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വിശ്വാസാദർശങ്ങളുമായി വിദൂരബന്ധം പോലുമില്ല. അടിസ്ഥാനരഹിതമായ ഒരാരോപണമാണത്. അത് വിശ്വാസാദർശങ്ങൾക്ക് വിരുദ്ധമാണെന്നു മാത്രമല്ല, അതിൽ പറഞ്ഞിരിക്കുന്ന കാര്യം യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്തതുമാണ്. അങ്ങനെ എന്നൊന്ന് ഉണ്ടായിട്ടില്ല. ഈ വാർത്ത, ജംഗിൽ വന്നുവെന്ന് പറഞ്ഞുകൊണ്ട് പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ടാകും. ഇന്നലെ അല്ലെങ്കിൽ ഇന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ടാവണം. ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിൽ അവർ ധിറുതി കാണിക്കാറുണ്ട്. കാരണം ഈ പത്രത്തിന്റെയാളുകൾ തങ്ങളുടെ വരിക്കാരെ കൂട്ടാനും സർക്കുലേഷൻ വർദ്ധിപ്പിക്കാനും തരംതാണ പ്രവൃത്തി ചെയ്യുന്നവരും വ്യാജമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്നവരുമായ ശീലക്കാരായി മാറിയിരിക്കുന്നു. പാക്കിസ്ഥാനിൽനിന്ന് ഈ പത്രത്തിന്റെ ഒരു എഡിഷൻ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് നമുക്കെല്ലാവർക്കുമറിയാം. നിത്യവും നമുക്കെതിരിൽ കളവ് പ്രസിദ്ധീകരിക്കുകയാണ് അവരുടെ ജോലി. പക്ഷേ, ഡന്മാർക്കിലെ പത്രം, മുഹമ്മദ് നബി(സ)യ്ക്കെതിരിൽ കാർട്ടൂൺ വരച്ചതിന്റെ പേരിൽ ലോകത്ത് ചർച്ച നടന്നുകൊണ്ടിരിക്കുകയും, മുസ്‌ലിംകൾ അക്കാരണത്താൽ രോഷാകുലരായിരിക്കുകയും ഹർത്താലുകളും ജാഥകളും നടന്നുകൊണ്ടിരിക്കുകയും മുസ്‌ലിംകൾ നിസ്കരിക്കുന്നവരാണെങ്കിലും അല്ലെങ്കിലും ഇസ്‌ലാമിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നവരാണെങ്കിലും അല്ലെങ്കിലും അവരുടെ ഉള്ളിൽ ദീനിനുവേണ്ടി മരിക്കാനുള്ള വികാരം തിളച്ചുപൊന്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ പരിതസ്ഥിതിയിൽ അഹ്മദികൾക്കെതിരിലുള്ള ഈ വാർത്ത പ്രസിദ്ധീകരിച്ചത്, ഇന്ന് ജുമുആ ദിവസം മുസ്‌ലിംകൾ സംഘടിക്കുമെന്നും ഇതിനെക്കുറിച്ച് യോഗങ്ങൾ നടക്കുമെന്നും ജാഥകൾ സംഘടിപ്പിക്കുമെന്നും അറിഞ്ഞുകൊണ്ട് ജുമുഅയുടെ തലേദിവസമായ വ്യാഴാഴ്ചതന്നെ മുസ്‌ലിം വസിക്കുന്ന എല്ലായിടത്തും എല്ലാ രാജ്യത്തും ഈ വാർത്ത പ്രസിദ്ധീകരിച്ചത് അഹ്മദികൾക്കെതിരിൽ മനഃപൂർവ്വം ജനങ്ങളെ ഇളക്കിവിടാൻ വേണ്ടിമാത്രമാണ്.

അങ്ങേയറ്റം അക്രമപരവും കലഹങ്ങൾ സൃഷ്ടിക്കാനുമുള്ള ശ്രമമാണിത്. അറിവില്ലാത്ത മുസ്‌ലിംകളെ ഇളക്കിവിട്ട് അഹ്മദികളെ പീഡിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. എന്തായാലും ഇത് അവരുടെ കുതന്ത്രമാണ്. നിങ്ങളിൽ പലരും ഈ വാർത്ത വായിച്ചിട്ടുണ്ടാകും.

കോപ്പൻഹേഗിൽ നിന്നാണ് ഈ വാർത്ത റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഡാക്ടർ ജാവേദ് ഖമർ സാഹിബാണ് ഇതിന്റെ റിപ്പോർട്ടർ.

“ഡന്മാർക്കിലെ രഹസ്യസംഘടനയുടെ ഒരു ഉത്തരവാദപ്പെട്ട ഓഫീസർ തന്റെ പേരും ഉദ്യോഗസ്ഥപദവിയും രഹസ്യമായി വയ്ക്കുമെന്ന നിബന്ധനയോടെ കാർട്ടൂൺ പ്രശ്നത്തെ സംബന്ധിച്ച് സംസാരിച്ചുകൊണ്ട് ജംഗിനോടു (ജംഗ് പത്രത്തിന്റെ പ്രതിനിധിയോട്) പറഞ്ഞു. 2005 സെപ്തംബറിൽ ഖാദിയാനികളുടെ വാർഷിക സമ്മേളനം ഡന്മാർക്കിൽ നടന്നു. ഇതിൽ ഖാദിയാനികളുടെ കേന്ദ്രപ്രതിനിധികൾ പങ്കെടുത്തിരുന്നു. ആ അവസരത്തിൽ ഖാദിയാനിസംഘം ഡാനിഷ് മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചാവേളയിൽ ജിഹാദ് എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചുകൊണ്ട്, തങ്ങളാണ് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ ധ്വജവാഹകരെന്ന് പറയുകയുണ്ടായി. (ഇവിടംവരെ പറഞ്ഞത് ശരിയായിട്ടുള്ള കാര്യമാണ്. ഇത് പ്രത്യേകമായി അവരോട് എടുത്തുപറഞ്ഞില്ല. എങ്കിലും നമ്മുടെ വാദം, അഹ്മദിയ്യാ ജമാഅത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ ധ്വജവാഹകരെന്നാണ്) തുടർന്നെഴുതുന്നു. അവരുടെ നബി മിർസാഗുലാം അഹ്മദ് ഖാദിയാനി ജിഹാദ് കാലഹരണപ്പെടുത്തിയിരിക്കുന്നു. (പറഞ്ഞത് ശരിതന്നെയാണ്. ചില നിബന്ധനയോടെ കാലഹരണപ്പെടുത്തിയിട്ടുണ്ട്) മിർസാ ഗുലാം അഹ്മദ് ഖാദിയാനി ഇസ്‌ലാമിക കല്പനകളെ മാറ്റിമറിച്ചു. (നഊദുബില്ലാഹ് ഇത് തികച്ചും കളവാണ്) അതുകൊണ്ട് മുഹമ്മദ്(സ)ന്റെ അദ്ധ്യാപനങ്ങളും അദ്ദേഹത്തിന്റെ കാലഘട്ടവും അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. (നഊദുബില്ലാഹ്) ഖാദിയാനികളുടെ അഭിപ്രായപ്രകാരം മുഹമ്മദ്(സ)ന്റെ അനുയായികൾ സൗദിഅറേബ്യയിൽ മാത്രം പരിമിതമാണ്. സെപ്തംബർ 30-ന് പത്രം

മുഹമ്മദ്(സ)ന്റെ പേരിൽ 12 കാർട്ടൂൺ പ്രസിദ്ധീകരിച്ചു. ഇതിന്റെ യഥാർത്ഥ ലക്ഷ്യം ജിഹാദ് എന്ന വിഷയത്തിനുമേൽ ആക്രമണം നടത്തുക എന്നതായിരുന്നു. ഉന്നത ഡാനിഷ് ഓഫീസർ പറഞ്ഞു: ജനുവരിയുടെ തുടക്കംവരെ ഇവർ പറഞ്ഞത് ഞങ്ങൾ ദൃഢമായും വിശ്വസിച്ചു. കാരണം സൗദിഅറേബ്യയല്ലാതെ മറ്റൊരു രാജ്യവും കാർട്ടൂണിനെതിരെ പ്രതികരിച്ചില്ല. മറ്റു രാജ്യങ്ങളുടെയെല്ലാം മൗനം ഞങ്ങളുടെ ധാരണയെ ശരിവയ്ക്കുന്നതായിരുന്നു. ഉത്തരവാദപ്പെട്ട ഈ ഓഫീസർ ഈ പ്രതിനിധിയെ ഈ കൂടിക്കാഴ്ചയുടെ വീഡിയോ ടേപ്പും കേൾപ്പിച്ചു. അതിൽ ഡാനിഷ് ഉർദു ഇംഗ്ലീഷ് ഭാഷകളിൽ സംസാരം റിക്കാർഡ് ചെയ്തിരുന്നു."

കളവിന് കാലില്ല. തികച്ചും അടിസ്ഥാനരഹിതമായ വാർത്തയാണിത്. ഡാക്ടർ ജാവേദ് ഖമർ സാഹിബ് ജംഗ് പത്രത്തിന്റെ പ്രത്യേക പ്രതിനിധിയാണെന്നു തോന്നുന്നു. ആദ്യം കരുതിയത് ഇദ്ദേഹം ഡന്മാർക്കിലാണെന്നാണ്. ഇപ്പോൾ അറിയാൻ കഴിഞ്ഞു ഈ സാഹിബ് ഇറ്റലിയിലാണെന്ന്. അവിടെ ഇരുന്നുകൊണ്ടാണ് ജംഗിന്റെ പ്രാതിനിധ്യം വഹിച്ച് പ്രവർത്തിക്കുന്നത്. നിയമപരമായി, ഡന്മാർക്കിൽനിന്നുള്ള വാർത്തയായി ഒരു പത്രത്തിലും ഇയാൾക്ക് വാർത്ത കൊടുക്കാൻ അനുവാദമില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒന്നാമതായി പറയാനുള്ളത് അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞവർഷത്തെ സമ്മേളനം സെപ്തംബറിൽ അവിടെ നടന്നിട്ടില്ല എന്നതാണ്. ഞാൻ പോയകാരണത്താൽ സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ ഒന്നിച്ചുള്ള സമ്മേളനമാണ് നടന്നത്. അത് സ്വീഡനിലായിരുന്നു. എം.ടി.എയിൽ എല്ലാവരും അത് കണ്ടതാണ്. ഞാൻ പറഞ്ഞതും പറയാത്തതും എന്താണെന്ന് എല്ലാവരും കേട്ടതാണ്. ഡന്മാർക്കിൽ ഞാൻ ചെന്നപ്പോൾ ഒരു ഹോട്ടലിൽ ഒരു റിസപ്ഷൻ സംഘടിപ്പിച്ചിരുന്നു. അതിൽ കുറച്ച് പത്ര പ്രതിനിധികളും പങ്കെടുത്തിരുന്നു. വിദ്യാസമ്പന്നരായ മറ്റാളുകളും വന്നിരുന്നു. സർക്കാരുദ്യോഗസ്ഥരുമുണ്ടായിരുന്നു. ഒരു മഹിളാമന്ത്രിയും വന്നിരുന്നു. അവിടെ ഖുർആനും ഹദീസും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളും ഉദ്ധരിച്ചുകൊണ്ട് ഇസ്ലാമിന്റെ മനോഹരവും സമാധാനപരവുമായ പാഠങ്ങൾ വിവരിക്കുകയുണ്ടായി. എന്തൊന്ന് അവിടെ പറഞ്ഞുവോ അത് വ്യക്തവും പരസ്യവുമായിരുന്നു. രഹസ്യമായിട്ടൊന്നുംതന്നെ പറഞ്ഞിട്ടില്ല. പത്രങ്ങൾ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നല്ല, ടി.വി നിലയങ്ങളും അത് സംപ്രേഷണം ചെയ്തിരുന്നു. പ്രത്യേകമായ ഒരു കൂടിക്കാഴ്ചയും നടന്നിട്ടില്ല. റിസപ്ഷനിലെ എന്റെ പ്രസംഗം എം.ടി.എയും സംപ്രേഷണം ചെയ്തു. ഇപ്പോൾ പത്രത്തിൽ എഴുതിയ ആളെപോലെയുള്ളവരെക്കുറിച്ച് അവിടെ പറഞ്ഞിട്ടുണ്ടാകും എന്നത് ശരിയാണ്. അതായത്, ഈ ചുരുങ്ങിയ ആളുകളാണ് ഇസ്ലാമിന് ദുഷ്പ്പേരുണ്ടാക്കുന്നതെന്ന്. മുസ്ലിംകളിൽ ഭൂരിഭാഗമാളുകളും ഇത്തരം ഭീകരവാദവും അക്രമവും ഇഷ്ടപ്പെടുന്നവരല്ല.

എന്തായാലും നമ്മൾ പറഞ്ഞു എന്ന് പറഞ്ഞുകൊണ്ട് വലിയ കളവാണ് പറഞ്ഞിരിക്കുന്നത്. അങ്ങേയറ്റം കളവ് പറയുന്ന ആളുകൾപോലും ഇതിൽ ചിന്തിക്കാനിടയുണ്ട്. ഇക്കാലത്ത് എല്ലാ കാര്യങ്ങളും റിക്കാർഡ് ചെയ്യപ്പെടുന്നു. ഈ സാഹിബ് പറഞ്ഞതുപോലെ ഡാനിഷ് ഉർദു ഇംഗ്ലീഷ് ഭാഷകളിലുള്ള വീഡിയോ ടേപ്പുമുണ്ട്. ഇവർ സത്യവാന്മാരാണെങ്കിൽ ആ ടേപ്പ് കാണിക്കട്ടെ. ഞങ്ങളേയും കാണിച്ചുതരിക. അപ്പോഴറിയാം ആരാണ് ഇത് പറഞ്ഞതെന്ന്. എന്തായാലും ഈ കള്ളവാർത്ത പരത്തുന്നവരോട് ആദ്യം എനിക്ക് പറയാനുള്ളത് ഇത് അടിമുടി കളവാണ്. ***ലഅ്നത്തുല്ലാഹി അലൽകാദിബീൻ***. നിങ്ങൾ സത്യവാദികളാണെങ്കിൽ നിങ്ങളും ഈ വാക്കുകൾ ആവർത്തിക്കുക. എന്നാൽ, അല്ലാഹുവിന്റെ ശാപം ഭയപ്പെടുന്നവരാണെങ്കിൽ ഇവർക്കൊരിക്കലും അത് പറയാനൊക്കുകയില്ല. പക്ഷേ, ഇവർക്ക് ദൈവഭയം കുറവാണ്. ഇനി ആവർത്തിക്കുന്നില്ലെങ്കിൽ തന്നെയും, ഹസ്റത്ത് മസീഹ് മൗഊദ്(അ) ചൊല്ലിയിട്ടുള്ള ***ലഅ്നത്തുല്ലാഹി അലൽകാദിബീൻ*** എന്ന ദുആയുടെ കീഴെ ഇക്കൂട്ടർ വന്നുകഴിഞ്ഞിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിന്നെതിരിൽ നിന്ദാവഹമായ പ്രവർത്തനങ്ങൾ മുമ്പും നടന്നിട്ടുണ്ട്. അത് തുടർച്ചയായി നടന്നുവരുന്നതുമാണ്. നമ്മുടെ പിന്നാലെ കൂടി എപ്പോഴൊക്കെ ഇവർ ഇങ്ങനെ പ്രവർത്തിച്ചിട്ടുണ്ടോ അപ്പോഴൊക്കെ അല്ലാഹു പരാജയത്തിന്റെ മുഖം അവർക്ക് കാണിച്ചുകൊടുത്തിട്ടുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റേമേൽ, ഇത്തരം ഘട്ടങ്ങളിൽ അവന്റെ അനുഗ്രഹങ്ങൾ മുമ്പത്തെക്കാൾ കൂടുതൽ വർഷിക്കുകയും ചെയ്യുന്നു.

ഈ കാർട്ടൂണിന്റെ കലഹം ഉയർന്നതു മുതൽ, ഏറ്റവുമാദ്യം അഹ്മദിയ്യാ ജമാഅത്താണ് അതിനെ പ്രതികരിച്ചത്. ആ പത്രത്തെ അതിൽനിന്ന് തടയാൻ ശ്രമിച്ചിരുന്നു. അതിനെക്കുറിച്ച് ഞാൻ നടേ പറഞ്ഞിട്ടുള്ളതാണ്. പിന്നീട് ഡിസംബറിലും ജനുവരിയിലും വീണ്ടും നാം ഈ പത്രങ്ങൾക്ക് ഇതിനെക്കുറിച്ച് എഴുതിയിരുന്നു. പരസ്യമായി നമ്മുടെ വികാരം പ്രകടി

പ്പിച്ചിരുന്നു. നമ്മുടെ മുബല്ലിഗ് അവിടെത്തെ പത്രത്തിനെഴുതുമ്പോൾ ഞാൻ ഖാദിയാനിലായിരുന്നു. മുബല്ലിഗിന്റെ ലേഖനം വീണ്ടും അവരുടെ പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ പ്രതികരണം ഇക്കാര്യത്തെക്കുറിച്ച് എന്താണെന്ന്എഴുതിയതിനു ശേഷം, ഇക്കൂട്ടർ നശീകരണപ്രവർത്തനത്തിനു പകരം നബി(സ) തിരുമേനിയുടെ പവിത്രമായ ജീവിതം സ്വായത്തമാക്കി സമർപ്പിക്കാനാഗ്രഹിക്കുന്നവരാണെന്നുംകൂടി ഇമാം സാഹിബിന്റെ ലേഖനത്തിൽ പത്രപ്രതിനിധി എഴുതി. തുടർന്നെഴുതുന്നു. ഇതുകൊണ്ട്, ഇമാം സാഹിബിന് ഈ കാർട്ടൂൺ മുഖേന വിഷമം ഉണ്ടായില്ല എന്നല്ല. മറിച്ച് അദ്ദേഹത്തിന്റെ ഹൃദയം കാർട്ടൂണിന്റെ മുറിവുകൊണ്ട് പിളർന്നു പോയിരിക്കുന്നു. ഈ വിഷമം അദ്ദേഹത്തെക്കൊണ്ട്, സ്വയം ഒരു ലേഖനമെഴുതാൻ പ്രേരിപ്പിച്ചു. അങ്ങനെ ക്ഷണത്തിൽ ഈ കാർട്ടൂണിനെക്കുറിച്ച് അദ്ദേഹം ഒരു ലേഖനമെഴുതി. (അദ്ദേഹം എഴുതിയ ലേഖനം ഡന്മാർക്കിൽ പ്രസിദ്ധീകരിച്ചിരുന്നു)

നബി(സ) തിരുമേനിയോടുള്ള വാഗ്ദത്ത മഹ്ദി മസീഹിന്റെ സ്നേഹം തന്നെയാണ് ജമാഅത്തിലും ഈ സ്നേഹാഗ്നി കൊളുത്തിയിട്ടുള്ളത്. അതെത്രമാത്രമെന്ന് പറഞ്ഞാൽ, അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിലേക്കു വരുന്ന യൂറോപ്യൻകാരും ഈ സ്നേഹത്തിലും പ്രേമത്തിലും ഉന്മത്തരാണ്. ഡന്മാർക്കിലെ നമ്മുടെ ഒരു അഹ്മദി മുസൽമാനായ അബ്ദുസ്സലാം മെഡ്സൻ സാഹിബിന്റെ സുദീർഘമായ ഇന്റർവ്യൂവും പത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിലെ ചില ഭാഗങ്ങൾ ഞാൻ നിങ്ങളെ കേൾപ്പിക്കാം.

മെഡ്സൻ സാഹിബ് വീണ്ടും പറഞ്ഞു: ഡന്മാർക്കിലെ പ്രധാനമന്ത്രി മുസ്ലിംരാഷ്ട്രങ്ങളിൽ നിന്നുള്ള അംബാസിഡർമാരോട് ഇതിനെക്കുറിച്ച് സംസാരിക്കണമായിരുന്നു. കാരണം ജനങ്ങൾ ഇത്തരം കാര്യങ്ങൾ കണ്ട് കോപാകുലരായിത്തീരുന്നു. മുസ്ലിം രാഷ്ട്രങ്ങളിൽനിന്നുള്ള അംബാസിഡർമാരുമായി പ്രധാനമന്ത്രി സംസാരിച്ചിരുന്നുവെങ്കിൽ, ഈ പ്രശ്നം എത്രമാത്രം പ്രധാനപ്പെട്ടതാണെന്നും ഇതിന്റെ പ്രതികരണം എങ്ങനെയായിരിക്കുമെന്നും അദ്ദേഹത്തിന് മനസ്സിലാകുമായിരുന്നു. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ പ്രതികരണം ഞാൻ വിചാരിച്ചതുപോലെ തന്നെയാണ്. കാരണം നബി(സ) തിരുമേനി ഓരോ മുസൽമാന്റേയും ജീവിതത്തിന് എല്ലാവശത്തും മാതൃകയാണ്. അത്തരം വ്യക്തിയുടെമേൽ നിന്ദാവഹമായ ആക്രമണമുണ്ടാകുമ്പോൾ, അത് എല്ലാ മുസ്ലിംകളേയും വിഷമിപ്പിക്കുന്ന കാര്യമാണ്. അവരതിൽ ദുഃഖിക്കുന്നു. അബ്ദുസ്സലാം മെഡ്സൻ സാഹിബ് പറയുന്നു: ഡന്മാർക്കിലെ 'ജെയ്ലാൻസ്ഡ്-പോസ്റ്റൺ' എന്ന പത്രത്തിന് ഇത് പ്രസിദ്ധീകരിച്ചിട്ട് എന്ത് നേട്ടമാണുണ്ടായത്. തുടർന്ന് അവർ എഴുതുന്നു. നബി (സ)യുടെ കാർട്ടൂൺ പ്രസിദ്ധീകരിച്ചതിൽ മെഡ്സൻ സാഹിബിനും വളരെ വിഷമം ഉണ്ടാക്കിയിട്ടുണ്ട്.

മെഡ്സൻ സാഹിബ് പറഞ്ഞു: നബി(സ) തിരുമേനിയുടെ രൂപലാവണ്യത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് നമുക്ക് ലഭിക്കുന്നുണ്ട്. എന്തായാലും ഇത് അങ്ങേയറ്റം വൃത്തികെട്ടതും ബാലിശവുമായ പ്രവൃത്തിയാണ്. ഡന്മാർക്കിൽ നിന്ദതയ്ക്കെതിരിൽ നിയമം നിലവിലുണ്ട്. ആദ്യം ഞാൻ കരുതിയത് ഇതിന്റെ ആവശ്യമില്ലെന്നായിരുന്നു. എന്നാൽ, ഇപ്പോൾ കലഹങ്ങൾ തടയുന്നതിന് ഈ നിയമം നടപ്പിലാക്കേണ്ട ആവശ്യമുണ്ട്. നബി(സ) തിരുമേനിയെ നിന്ദിക്കുന്നതിനുള്ള ശിക്ഷ അല്ലാഹുവുമായി ബന്ധപ്പെട്ടതാണ്. അവൻ തന്നെ അതിന് ശിക്ഷ നല്കിക്കൊള്ളും."

നോക്കുക, യൂറോപ്യൻ മുസൽമാനിൽ എത്ര ദൃഢതരമായ വിശ്വാസമാണുള്ളത്. നബി(സ) തിരുമേനിക്കെതിരെ ഉയർന്ന വൃത്തികെട്ട പ്രവർത്തനത്തിന്നെതിരിൽ നാം പ്രതികരിച്ചത് ഇങ്ങനെയായിരുന്നു. നമ്മുടെ ഹൃദയങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ റസൂലിനോടുള്ള സ്നേഹം ഇത്തരക്കാരേക്കാൾ ലക്ഷക്കണക്കിന്, കോടിക്കണക്കിന് ഇരട്ടിയാണ്. ഇതെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ) നബി (സ)യുടെ യഥാർത്ഥവും മനോഹരവുമായ അദ്ധ്യാപനം നമുക്ക് വിവരിച്ചുതന്നതുകൊണ്ടാണ്. ഒരഹ്മദിക്കും നഊദുബില്ലാഹ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്ഥാനം നബി(സ) തിരുമേനിയെക്കാൾ അധികമാണെന്ന് ചിന്തിക്കാനെ പറ്റുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ എന്തായിരുന്നു.

ഹസ്സാൻബിൻ സാബിത്(റ)ന്റെ ഈ കവിതാശകലം വായിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) കരയുമായിരുന്നു.

*കുൻതു സ്സവാദ ലിനാളിരീ*  
*ഫഅ്മി അലയ്ക്കന്നാളിറു,*  
*മൻശാഅ ബഅ്ദുക്ക ഫൽയമുത്,*  
*ഫ അലയ്ക്ക കുൻതു ഉഹാദിറു.*

അങ്ങ് എന്റെ കണ്ണിലെ കൃഷ്ണമണിയായിരുന്നു. അങ്ങ് മരിച്ചതോടെ അത് അന്ധയായിത്തീർന്നു. അങ്ങേയ്ക്ക് ശേഷം ആരുവേണമെങ്കിലും മരിച്ചോ

ട്ടെ. ഞാൻ അങ്ങയുടെ മരണത്തെയാണ് ഭയപ്പെട്ടിരുന്നത്.

ഈ കവിതാശകലം എന്റെ നാവിൽനിന്ന് വന്നിരുന്നെങ്കിൽ എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. അത്തരമൊരാളെ കുറിച്ച് നഊദുബില്ലാഹ് നബി(സ)യെക്കാൾ, തന്നെ വലിയവനായി കാണുന്നുവെന്നും അദ്ദേഹത്തെ വിശ്വസിക്കുന്നവർ നബി(സ)യെക്കാൾ കൂടുതൽ സ്ഥാനം അദ്ദേഹത്തിന് നല്കുന്നുവെന്നും പറയുന്നത് എത്രമാത്രം ലജ്ജാകരമായ പ്രവൃത്തിയാണ്. ഓരോ ചുവടിലും അവിടന്ന് നബി(സ)യിൽ ലയിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഒരിടത്ത് അവിടന്ന് പറയുന്നു:

*ഉസ്നൂർപർ ഫിദാഹും*
*ഉസ്ക്കാഹി മേ ഹുവാഹും*
*വൊഹേ മേ ചീസ് കിയാഹും*
*ബസ് ഫയ്സല യഹീഹെ.*

ആ ദിവ്യദീപ്തിക്കു മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
അങ്ങാണ്! ഞാനൊരു തുച്ഛനത്രെ
മതിമതി! വിധിയിതു തന്നെയല്ലോ.

ആരാണോ തന്റേതെല്ലാം ആ പ്രകാശത്തിനുമേൽ അർപ്പിച്ചത് അദ്ദേഹത്തെക്കുറിച്ച് ***നഊദുബില്ലാഹ്*** നബി(സ) തിരുമേനിയുടെ സ്ഥാനത്തെക്കാൾ അദ്ദേഹത്തിന്റെ സ്ഥാനമാണ് ഉയർന്നതെന്നും അഹ്മദികൾ മിർസാ ഗുലാം അഹ്മദിനെയാണ് അവസാന നബി എന്ന് വിശ്വസിക്കുന്നതെന്നു പറയുന്നത് എത്ര വലിയ കളവാണ്. നമ്മുടെ വിശ്വാസമാണ് മിർസാ ഗുലാം അഹ്മദ്, തിരുനബിയേക്കാൾ ശ്രേഷ്ഠൻ എന്നും അതുകൊണ്ട് നഊദുബില്ലാഹ് നിങ്ങൾ നബി(സ) തിരുമേനിയുടെ കാർട്ടൂൺ വരയ്ക്കുക എന്ന് നമ്മൾ പറഞ്ഞുവെന്നുമുള്ളത് എത്രമാത്രം വലിയ അക്രമമാണ്. ***ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ലഅ്നത്തുല്ലാഹി അലൽ കാദിബീൻ.***

ഇത് അങ്ങേയറ്റം ബാലിശമായ കാര്യമാണ്. കാർട്ടൂൺ വരയ്ക്കാൻ നമ്മുടെ അനുവാദം കാത്തിരിക്കുകയായിരുന്നത്രെ അവർ! അഹ്മദികൾ ഡന്മാർക്കിൽ കുറച്ചേയുള്ളൂ എന്ന കാര്യം ഓർക്കുക. വാർത്തകൾ പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ മുമ്പിലും പിമ്പിലും കൂടി ചിന്തിക്കുക.

ഡന്മാർക്കിലെ പാവം സർക്കാർ ഒരുപക്ഷേ, അത്ര ബുദ്ധിയില്ലാത്തവരാകാൻ തരമില്ല. പക്ഷേ, ഈ വാർത്ത എഴുതുന്നയാളും അത് പ്രസിദ്ധീകരിക്കുന്നവരും എന്തായാലും ബുദ്ധി വിഹീനരാണെന്നു തോന്നുന്നു. ഫിത്ന ഉണ്ടാക്കുക എന്നതല്ലാതെ മറ്റൊന്നും അവരിൽ കാണാൻ കഴിയുന്നില്ല. മുസ്ലിംകളെ ഇളക്കിവിടുന്നതിനല്ലാതെ മറ്റൊരുദ്ദേശ്യവും ഈ വാർത്തയ്ക്കു പിന്നിൽ കാണുന്നില്ല. അഹ്മദികൾക്കെതിരിൽ ശക്തമായ ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്ന പാക്കിസ്ഥാനിലും ബംഗ്ലാദേശിലും ഇന്തോനേഷ്യയിലും കൂടുതൽ കുഴപ്പമുണ്ടാക്കുക എന്നതാണ് ഇതിന്റെ പിന്നിലെ ഉദ്ദേശ്യം. ഇതിന്റെ പേരിൽ ഈ രാജ്യങ്ങളിൽ ചില സ്വാർത്ഥമതികൾ, ഭരണകൂടങ്ങൾക്കെതിരെ ഇത് ആയുധമാക്കാനും ഇടയുണ്ട്. കാരണം നാം ഇതുവരെ കണ്ടുവന്നിട്ടുള്ളത് അതാണ്. അഹ്മദികൾക്കെതിരെ പൊട്ടിപ്പുറപ്പെടുന്ന ലഹളകൾ അവസാനം സർക്കാരിനെതിരെ തിരിയുന്നു. അതുകൊണ്ട് ഈ രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങളും ബുദ്ധിപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. സ്വാർത്ഥമതികളായ മുല്ലാക്കമാരുടെ പിടിയിൽ അകപ്പെടാൻ പാടില്ല. ഞങ്ങളുടെ പക്കൽ നബി(സ) തിരുമേനിക്കുള്ള സ്ഥാനം, ഹസ്റത്ത് മസീഹ് മൗഊദ്(അ) രണ്ടുവരി പദ്യത്തിൽ പറഞ്ഞത് ഞാനിപ്പോൾ കേൾപ്പിക്കുകയുണ്ടായി. ഓരോ അഹ്മദിയും നബി(സ)യുടെ സ്ഥാനം നല്ലവണ്ണം അറിയുന്നവരാണ്. കഴിഞ്ഞ ഖുത്ബകളിൽ ഇതിനെക്കുറിച്ച് ഞാൻ പറഞ്ഞിട്ടുമുണ്ട്. നമുക്കുണ്ടായ വിഷമം നാം പ്രകടിപ്പിച്ചു. പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. മുഴുലോകത്തും നമ്മൾ പ്രസ്താവനകളിലൂടെയും പ്രതികരിച്ചിട്ടുണ്ട്. ഇതൊന്നും നാം ചെയ്തത് ആരെയെങ്കിലും കാണിക്കാനോ, മുസ്ലിംകളെ പേടിച്ചിട്ടോ അല്ല. ഇത് നമ്മുടെ ഈമാന്റെ ഒരു ഭാഗമാണ്. നബി(സ) തിരുമേനിയുമായി ബന്ധം വിച്ഛേദിച്ചുകൊണ്ട്, നമുക്ക് നമ്മുടെ ജീവിതത്തിന് പിന്നെന്തു വിലയാണുണ്ടാകുക. ഇത് സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഞാൻ കേൾപ്പിക്കാം. അവിടന്ന് പറയുന്നു:

“നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം അഥവാ അതിന്റെ കഴമ്പ് ***ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർ റസൂലുല്ലാഹി*** എന്നാകുന്നു. (അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു) ഇവിടെ ഈ ലോകത്ത് നാം പുലർത്തിവരുന്നതും മറുലോകത്തേക്ക് നാം കടക്കുന്ന സമയം വരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോട് ഒട്ടിനില്ക്കുന്നതുമായ വിശ്വാസം ഇതാണ്. നമ്മുടെ ആത്മീയനേതാവും യജമാനനുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ‘***ഖാത്തമുന്നബിയ്യീ***’നും ‘***ഖയറുൽ മുർസലീനും***’ ആകുന്നു. അവിടത്തെ കൈയാൽ മതത്തിനു പൂർണിമയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നുകഴിഞ്ഞു.

അതുമുഖേന മനുഷ്യന് സത്യപാത കൈവരിച്ചു കൊണ്ട് ദൈവത്തിന്റെ അടുക്കലോളം എത്താനാവും."

ഇതാണ് നമ്മുടെ ഈമാന്റെ ഭാഗം. ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ പഠിപ്പിച്ചത്. നബി(സ)യെ കുറിച്ച് ഇങ്ങനെ വിശ്വസിക്കുന്ന ഒരാൾ, എങ്ങനെയാണ് നബി(സ)യെ കൂടാതെ അല്ലാഹുവിനോളം എത്താൻ കഴിയുമെന്ന് പറയുക?

വീണ്ടും അവിടന്ന് പറയുന്നു: "നേരായ മാർഗ്ഗം ഇസ്ലാമതം മാത്രമാണ്. ആകാശത്തിൻ കീഴിൽ ഒരേയൊരു നബിയും ഒരേയൊരു ഗ്രന്ഥവും മാത്രമെയുള്ളൂ. അതായത് ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യും വിശുദ്ധഖുർആനും. അദ്ദേഹം സകല നബിമാരേക്കാളും ഉന്നതനും ശ്രേഷ്ഠനുമാണ്. എല്ലാ റസൂൽമാരെക്കാളും തികവുറ്റയാളും പരിപൂർണ്ണനുമാണ്. ഖാത്തമുൽ അമ്പിയായും ജനങ്ങളിൽ ശ്രേഷ്ഠനുമാണ്. അദ്ദേഹത്തെ പിൻപറ്റുന്നതുകൊണ്ട് അല്ലാഹുവിനെ കിട്ടുന്നു. അന്ധകാരപരമായ മറകൾ ഉയരുന്നു. ഈ ലോകത്തുതന്നെ യഥാർത്ഥ മോക്ഷത്തിന്റെ ലക്ഷണങ്ങൾ വെളിവാകുന്നു. വിശുദ്ധഖുർആൻ സത്യവും പരിപൂർണ്ണവുമായ സന്മാർഗ്ഗം അടങ്ങിയതാണ്. ഇതുമുഖേന യഥാർത്ഥമായ ജ്ഞാനങ്ങളും ഈശ്വരജ്ഞാനങ്ങളും ലഭിക്കുന്നു. മാനുഷികമായ മാലിന്യങ്ങളിൽനിന്നും ഹൃദയംപരിശുദ്ധമാകുന്നു. മനുഷ്യൻ അജ്ഞതയുടേയും അശ്രദ്ധയുടേയും സംശയങ്ങളുടേയും പർദകളിൽനിന്ന് മോക്ഷം നേടി അനുഭവജ്ഞാനത്തിന്റെ സ്ഥാനത്തോളം എത്തിച്ചേരുന്നു. അതായത്, ഇനി എന്തൊന്നാണോ കിട്ടേണ്ടത് അതെല്ലാം നബി(സ) തിരുമേനി മുഖേനയാണ് ലഭിക്കേണ്ടത്. നബി(സ) തിരുമേനിയുടെമേലാണ് നബിത്വം പരിപൂർണ്ണമായത്. അവിടത്തെ പാഠങ്ങൾ കൊണ്ടുമാത്രമെ അന്ധകാരം അകലുകയും വെളിച്ചം ലഭിക്കുകയും ചെയ്യുകയുള്ളൂ. ദൈവസാമീപ്യവും ലഭിക്കേണ്ടത് അവിടന്നു മുഖേനയാണ്. യഥാർത്ഥമായ മോക്ഷവും കിട്ടേണ്ടത് അവിടന്നു മുഖേനയാണ്. ഹൃദയമാലിന്യങ്ങൾ വൃത്തിയാകേണ്ടതും അവിടന്ന് കൊണ്ടുവന്ന അദ്ധ്യാപനം മുഖേനയാണ്.

വീണ്ടും അവിടന്ന് പറയുന്നു: നമ്മുടെ നബി(സ) സത്യം പ്രകടിപ്പിക്കുന്ന കാര്യത്തിൽ ഒരു ***മുജദ്ദിദെ അഅ്സം*** (ഏറ്റവും വലിയ പരിഷ്കർത്താവ്) ആയിരുന്നു. കളഞ്ഞുപോയ സത്യത്തെ വീണ്ടും ലോകത്ത് അദ്ദേഹം സ്ഥാപിച്ചു. ഇതിൽ നമ്മുടെ നബി(സ) അല്ലാതെ മറ്റൊരു നബിക്കും പങ്കില്ല. അവിടന്ന് മുഴുലോകത്തേയും അന്ധകാരത്തിൽ കണ്ടു. അവിടന്ന് വെളിപെട്ടതോടെ ആ അന്ധകാരം വെളിച്ചമായി മാറി. ഏതൊരു ജനതയിലാണോ അവിടന്ന് വന്നത് ആ ജനത മുഴുവൻ ബഹുദൈവപൂജയുടെ ഉടുപ്പൂരി ഏകദൈവത്വത്തിന്റെ കുപ്പായമണിയാതെ അവിടന്ന് ഈ ലോകത്തോടു വിട പറഞ്ഞില്ല. ഇത്രമാത്രമല്ല. ആ ജനത വിശ്വാസത്തിന്റെ ഉന്നതനില പ്രാപിക്കുകയും, ലോകത്തെങ്ങും കാണാത്ത സത്യസന്ധതയും വിശ്വസ്തതയും അവരിൽനിന്ന് പ്രകടമാകുകയും ചെയ്തു. ഈ വിജയം, ഇത്രകണ്ട് വിജയം നബി(സ)യ്ക്കല്ലാതെ മറ്റൊരു നബിക്കും ലഭിച്ചില്ല. നബി(സ)ന്റെ നുബൂവ്വത്തിനുള്ള ഏറ്റവും വലിയൊരു സാക്ഷ്യമാണിത്. ലോകം അങ്ങേയറ്റം അന്ധകാരത്തിൽ അകപ്പെട്ടുകിടന്ന ഒരു കാലത്താണ് അവിടന്ന് ആഗതനായത്. ആ കാലംതന്നെ ഒരു പരിഷ്ക്കർത്താവിനെ വിളിച്ചുചോദിക്കുന്നുണ്ടായിരുന്നു. ലക്ഷക്കണക്കിനാളുകൾ ബഹുദൈവങ്ങളെ ഉപേക്ഷിച്ച് ഏകദൈവത്വ സിദ്ധാന്തത്തിൽ ഉറച്ചതിനുശേഷമാണ് അവിടന്ന് ഈ ലോകത്തുനിന്ന് വിടപറഞ്ഞു പോയത്. വാസ്തവത്തിൽ ഈ പരിപൂർണ്ണമായ പരിഷ്ക്കരണം നബി(സ)യുമായി ബന്ധപ്പെട്ടതാണ്. അവിടന്ന് മനുഷ്യപരമായ ധാർമ്മികഗുണങ്ങൾ പഠിപ്പിച്ചു. മറ്റു ഭാഷയിൽ ഇങ്ങനെ പറയാം. മൃഗങ്ങളെ മനുഷ്യരാക്കി. പിന്നീട് മനുഷ്യരിൽനിന്ന് വിദ്യാസമ്പന്നരായ മനുഷ്യരെ ഉണ്ടാക്കി. പിന്നീട് വിദ്യാസമ്പന്നരായ മനുഷ്യരിൽ നിന്ന് ദൈവവുമായി ബന്ധമുള്ള മനുഷ്യരെ ഉണ്ടാക്കി. ആത്മീയമായ ശ്വാസം അവരിൽ ഊതിക്കൊണ്ട് അല്ലാഹുവുമായി അവർക്ക് ബന്ധമുണ്ടാക്കി. അവർ അല്ലാഹുവിന്റെ വഴിയിൽ ആടുകളെപോലെ അറുക്കപ്പെട്ടു. ഉറുമ്പുകളെപോലെ ചവുട്ടിമെതിക്കപ്പെട്ടു. എന്നാൽ അവർ ഈമാൻ ഉപേക്ഷിച്ചില്ല. മറിച്ച്, എല്ലാ നാശങ്ങളുടെ നേരത്തും മുന്നോട്ടു ചുവടുവെച്ചു. യാതൊരു സംശയവുമില്ല. നമ്മുടെ നബി(സ) ആത്മീയത സ്ഥാപിക്കുന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ ആദമായിരുന്നു. എന്നല്ല, യഥാർത്ഥ ആദം അദ്ദേഹമായിരുന്നു. അദ്ദേഹം മുഖേന എല്ലാ ദൈവാനുഗ്രഹങ്ങളും പരിപൂർത്തി പ്രാപിച്ചു. എല്ലാ സദ്ഗുണശക്തികളും അവയുടെ പ്രവൃത്തിയെടുക്കുവാൻ തുടങ്ങി. അവിടന്ന് ദൈവത്തിന്റെ സവിശേഷമായ ഗുണങ്ങളുടെ പരിപൂർണ്ണ പ്രതീകമായിരുന്നു. അതുകൊണ്ട് അവിടത്തെ ന്യായപ്രമാണം ജലാലിയ, ജമാലിയ സിഫത്തുകൾ വസിക്കുന്നതായിരുന്നു. ഈ ഉദ്ദേശ്യത്താലാണ് മുഹമ്മദ്, അഹ്മദ് എന്ന രണ്ട് നാമങ്ങൾ അദ്ദേഹത്തിനുള്ളത്. അവിടത്തെ നുബൂവ്വത്തിൽ, പിശുക്കിന്റെ ഒരു ഭാഗവുമില്ല. അത് ആരംഭകാലം മുതൽ തന്നെ മുഴുലോകത്തിനും വേണ്ടിയുള്ളതാണ്."

ഇതാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അദ്ധ്യാപനം. നബി(സ) തിരുമേനിയുടെ അനുഗ്രഹം ഇന്നും നിലനില്ക്കുന്നു.

വീണ്ടും അവിടന്ന് പറയുന്നു: നബി(സ) തിരുമേനി ഖാത്തമുൽഅമ്പിയായാണ്. അതായത് നമ്മുടെ നബി(സ)നുശേഷം ഒരു പുതിയ ന്യായപ്രമാണവും പുതിയ ഗ്രന്ഥവും വരികയില്ല. പുതിയ കല്പനകൾ വരുകയില്ല. (ഇവർ പറയുന്നത് പുതിയ ശരീഅത്ത് കൊണ്ടുവരുമെന്നാണ്. മിർസാഗുലാം അഹ്മദിനെ നബിതിരുമേനിയെക്കാൾ ഉയർന്ന ആളായി കരുതുന്നത്രെ! അതേ ഗ്രന്ഥവും അതേ കല്പനകളും തന്നെയാണ് നിലനില്ക്കുന്നത്. എന്നെക്കുറിച്ച് എന്റെ ഗ്രന്ഥത്തിൽ നബി, റസൂൽ എന്ന പദം കാണുന്നത് മുഹദ്ദസ് അഥവാ ധാരാളം വെളിപാടുകൾ അല്ലാഹുവിൽ നിന്നിറങ്ങുന്നു എന്നർത്ഥത്തിലാണ്. (അതായത് ആരോടാണോ അല്ലാഹു അധികം സംസാരിക്കുന്നത് അയാളെക്കുറിച്ച് നബി എന്ന പദം പറയപ്പെടും) ആ ദൈവനിയോഗിതൻ നബി എന്ന് സംബോധന ചെയ്യപ്പെടുന്നു. ഇതിന്റെ അർത്ഥം പുതിയ ശരീഅത്ത് കൊടുക്കുന്നു എന്നതല്ല. അല്ലെങ്കിൽ നബി(സ) തിരുമേനിയുടെ ശരീഅത്തിനെ നഊദുബില്ലാഹ് കാലഹരണപ്പെടുത്തുന്നു എന്നതല്ല മറിച്ച്, എന്തൊന്നാണോ അയാൾക്ക് കിട്ടുന്നത് അത് നബി(സ)യെ പരിപൂർണ്ണമായും പിൻപറ്റുന്നതുകൊണ്ടാണ് ലഭിക്കുന്നത്. നബി (സ)യെ പിൻപറ്റാതെ കിട്ടുകയേയില്ല."

വാദിക്കുന്നയാൾ വ്യക്തമായ ഭാഷയിൽ പറയുന്നു, ഞാൻ പ്രാപിക്കുന്നതെല്ലാം നബി(സ) തിരുമേനിയിൽ നിന്നാണെന്ന്. അദ്ദേഹത്തെ പിൻപറ്റാതെ ഒന്നും ലഭിക്കുകയില്ലെന്ന്. അദ്ദേഹത്തെ വിശ്വസിക്കുന്നവരും ഇതിൽതന്നെയാണ് ഉറച്ചുനില്ക്കുന്നത്. അദ്ദേഹം നബി(സ) തിരുമേനിയുടെ സത്യസന്ധനായ ദാസനാണെന്ന് അവരും വിശ്വസിക്കുന്നു. അപ്പോൾ ഈ എതിരാളികളുടെ കളവും കൃത്രിമവും നിറഞ്ഞ കാര്യങ്ങൾ മുസ്‌ലിംകളിൽ അസ്വസ്ഥത ജനിപ്പിക്കുക എന്നതല്ലാതെ മറ്റൊന്നുമല്ല. ഇത്തരക്കാർ ഇത് പണ്ടുമുതലേ ചെയ്തുവരുന്ന കാര്യമാണ്. ഈ സാത്താനിക ശക്തികൾ ഫിത്നയെ ഉണ്ടാക്കുകയല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. അസൂയയുടെ തീ ഇവർ ആളിക്കത്തിച്ചുകൊണ്ടേയിരിക്കും. ജമാഅത്തിന്റെ അഭിവൃദ്ധിയെ ഇവർക്കു കാണാൻ കഴിയുന്നില്ല. ജമാഅത്തിന്റെ അഭിവൃദ്ധി ഇവരുടെ കണ്ണിലെ കരടാണ്.

ഇവർ എത്രവേണമെങ്കിലും ഈ തരംതാണ പണികൾ ചെയ്തുകൊള്ളട്ടെ. മുമ്പും ഇവർ ഇതെല്ലാം ചെയ്തുവന്നതാണ്. ഇനിയും അവർ ചെയ്തുകൊണ്ടേയിരിക്കും. ഇത്തരക്കാർ ജനിച്ചുകൊണ്ടേയിരിക്കും. ശയ്ത്താൻ എന്തായാലും ഇവിടെ നിലനില്ക്കേണ്ടതാണല്ലോ? ഇവരുടെ ഈ തരംതാണ പ്രവർത്തനംകൊണ്ട് തടസ്സപ്പെടുന്നതല്ല അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധി. ഇൻശാഅല്ലാഹ്.

നബി(സ)യുടെ സ്ഥാനത്തെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറയുന്നു: "മനുഷ്യരിൽവെച്ച് ഏറ്റവും പരിപൂർണ്ണനായ മനുഷ്യന് പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഡൂര്യങ്ങളിലോ മാണിക്യകല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അത് കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ ഒരു വസ്തുവിലും അതുണ്ടായില്ല. അത് മനുഷ്യനിൽ മാത്രമേയുള്ളൂ; പരിപൂർണ്ണനായ മനുഷ്യനിൽ. എന്നുവെച്ചാൽ, അതിശ്രേഷ്ഠവും പരിപൂർണ്ണവും ഉദാത്തവും സർവ്വോത്തരവും അത്യുത്കൃഷ്ഠവുമായ സ്ഥാനമുടയവ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവുമായ ഹസ്റത്ത് മുഹമ്മദ് മുസ്തഫ(സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അത് വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരംതന്നെ ഒരളവോളം പലനിലയിലും അവിടത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കുംതന്നെ. അമാനത്ത് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണ്ണനായ മനുഷ്യനിൽ നല്കപ്പെട്ട ആ എല്ലാ കഴിവുകളും ബുദ്ധിയും അറിവും മനസ്സും ജീവനും ഇന്ദ്രിയാശകളും ഭയവും സ്നേഹവും ആദരവും സൗന്ദര്യവും ആത്മീയവും ഭൗതികവുമായ സകല അനുഗ്രഹങ്ങളുമാണ്. അല്ലാഹു അത് പരിപൂർണ്ണ മനുഷ്യന് പ്രദാനം ചെയ്യുന്നു. ഈ തേജോവിലാസം അത്യുന്നതവും പരിപൂർണ്ണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗ്ഗദർശിയുമായ ആ നിരക്ഷരപ്രവാചകൻ, അതെ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫ(സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്."

എന്നാൽ, നബി(സ) തിരുമേനിയെ സ്നേഹിക്കുന്നവരെന്ന് സ്വയം ധരിക്കുന്ന ഇക്കൂട്ടർക്ക്, നമ്മൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ നബിതിരുമേനിയേക്കാൾ നഊദുബില്ലാഹ് ഉയർന്ന ആളായി മനസ്സിലാക്കുന്നു എന്നുപറയുന്ന ഇക്കൂട്ടർക്ക് വ്യക്തിപരമായ നേട്ടം ലക്ഷ്യമല്ലാതെ മറ്റൊരുദ്ദേശ്യവുമില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) നബി(സ)തിരുമേ

നിയുടെ അന്തസ്സിനേയും അഭിമാനത്തേയും ഉയർത്തുംവിധം പറഞ്ഞ വാക്കുകൾ ഈ ഉലമാക്കൾ അതിന്റെ നൂറിലൊന്നെങ്കിലും പറഞ്ഞതായി കാണിക്കട്ടെ. ഇത് നബി(സ) തിരുമേനിയെ അതിരറ്റ് സ്നേഹിച്ച ഒരു ദിവ്യാത്മാവിന്റെ വാക്കുകളാണ്. അങ്ങനെയുള്ള ആളെ നിങ്ങൾ കള്ളവാദിയെന്ന് പറയുന്നു. ആ വ്യക്തിയുടെ എല്ലാം അനക്കമടക്കവും തന്റെ യജമാനരായ നബി(സ) തിരുമേനിയെ പിൻപറ്റിക്കൊണ്ടുള്ളതായിരുന്നു. ഹസ്റത്ത് മസീഹ് മൗഊദ്(അ) സമർപ്പിച്ചതുപോലെ നിങ്ങളുടെ സാഹിത്യങ്ങളിൽ ഇത്തരം പ്രയോഗങ്ങൾ ഒന്ന് കാണിച്ചുതരിക.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇതാണ് നമ്മുടെ എന്നന്നേക്കുമുള്ള അദ്ധ്യാപനം. ഞങ്ങൾ ഇവർ കാട്ടിക്കൂട്ടുന്നതെല്ലാം സഹിക്കുന്നതും നിയമത്തിന്റെ ഉള്ളിലിരുന്നുകൊണ്ടാണ്. അവിടന്ന് പറഞ്ഞു:

നമ്മുടെ മതത്തിന്റെ സംക്ഷിപ്തമിതാണ്. എന്നാൽ, ഏതൊരുകൂട്ടർ ദൈവഭയം കൂടാതെ അന്യായമായ നിലയിൽ നമ്മുടെ മഹാനായ പ്രവാചകൻ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യെ ചീത്തവാക്കുകളാൽ സ്മരിക്കുന്നുവോ, നബി(സ) തിരുമേനിയുടെമേൽ അപവാദം പറഞ്ഞുപരത്തുന്നുവോ, ചീത്തപറയുന്നതിൽനിന്ന് പിന്മാറാതിരിക്കുന്നുവോ അത്തരക്കാരോട് നാമെങ്ങനെ ഐക്യപെടാനാണ്.

"ഞാൻ സത്യമായും സത്യമായും പറയുന്നു: മാളങ്ങളിൽ വസിക്കുന്ന പാമ്പുകളോടും വനങ്ങളിൽ കഴിയുന്ന ചെന്നായ്ക്കളോടും ഐക്യപെടാൻ നമുക്കു കഴിയും. എന്നാൽ, നമ്മുടെ പ്രിയപ്പെട്ട നബിയുടെമേൽ, എനിക്കെന്റെ മാതാപിതാക്കളെക്കാൾ പ്രിയങ്കരനായ നബി(സ)ന്റെമേൽ അവിശുദ്ധമായ ആക്രമം നടത്തുന്നവരോട് എങ്ങനെ ഞാൻ ഐക്യപെടാനാണ്. അല്ലാഹു നമുക്ക് ഇസ്ലാമിൽതന്നെ മരണം തരുമാറാകട്ടെ. ഈമാൻ നഷ്ടപ്പെടുന്ന പ്രവൃത്തി ചെയ്യാൻ നാം ആഗ്രഹിക്കുന്നില്ല."

ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ പാഠം. ഇതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) നബിതിരുമേനിയെക്കുറിച്ച് നമുക്ക് നല്കിയ അറിവും ജ്ഞാനവും.

ഇതിനുശേഷവും നഊദുബില്ലാഹ് കാർട്ടൂൺ വരച്ചതിന്റെ പിന്നിൽ അഹ്മദികളാണെന്ന് പറയുന്നത്, അല്ലാഹുവിന്റെ ശാപം ഇവരുടെമേൽ വീഴ്ത്തുമെന്നല്ലാതെ മറ്റൊരു പ്രയോജനവും ഇക്കൂട്ടർക്ക് ചെയ്യുകയില്ല.

മറ്റൊന്ന് പറഞ്ഞത് ജിഹാദ് കാലഹരണപെടുത്തി എന്നതാണ്. ആദ്യം പറഞ്ഞത് നമ്മൾ നബി (സ) തിരുമേനിയെ നബിയായിട്ടംഗീകരിക്കുന്നില്ല എന്നാണ്. നഊദുബില്ലാഹ്. അദ്ദേഹത്തിന്റെ അദ്ധ്യാപനം കാലഹരണപ്പെട്ടുപോയി എന്നാണ്. രണ്ടാമത്തെ കാര്യം എഴുതിയിരിക്കുന്നത് ജിഹാദ് കാലഹരണപ്പെടുത്തി എന്നാണ്. ജിഹാദിനെക്കുറിച്ചുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണവും അദ്ധ്യാപനവും നിലപാടും അതിന്റെ ആരംഭം മുതൽ ഇക്കാലത്ത് ഈ അവസ്ഥയിൽ വാളെടുത്തുള്ള ജിഹാദ് പാടില്ല എന്ന് തന്നെയാണ്. ഇതു സംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമ്മുടെ നബി(സ) തിരുമേനിയും അനുചരന്മാരും യുദ്ധം ചെയ്തിരുന്നത് സത്യനിഷേധികളിൽനിന്ന് സ്വയം തങ്ങളെ രക്ഷിക്കുന്നതിനോ, സമാധാനം സ്ഥാപിക്കുന്നതിനോ വേണ്ടിയായിരുന്നു. ആരാണോ വാൾ കൊണ്ട് ദീനീപരമായ കാര്യങ്ങൾ തടയാൻ ആഗ്രഹിക്കുന്നത്, അവരെ വാൾകൊണ്ടുതന്നെ പിന്നിലേക്ക് മാറ്റുന്നതിനുവേണ്ടിയായിരുന്നു. എന്നാൽ, ശത്രുക്കളിലാരാണ് ഇപ്പോൾ ദീനീപരമായ കാര്യങ്ങൾ തടയുന്നതിനായി വാളെടുക്കുന്നത്? മുസ്ലിംകളാകുന്നവരെ ആരാണ് വാൾകൊണ്ട് തടയുന്നത്? പള്ളികളിൽ ബാങ്കു കൊടുക്കുന്നതിനെ ആരാണ് ഇന്ന് തടയുന്നത്?" പാക്കിസ്ഥാനിൽ ഇക്കൂട്ടരാണ് അഹ്മദികളെ തടയുന്നത്. എന്നിട്ടും നാം മൗനംപാലിക്കുന്നു. നമ്മൾ ഒരു ബഹളവും ഉണ്ടാക്കുന്നില്ല. ബാങ്ക് കൂടാതെ നാം നിസ്കരിക്കുന്നു.

വീണ്ടും അവിടന്ന് പറയുന്നു: ബുഖാരി കിതാബുൽഅമ്പിയാഅ് എന്ന അദ്ധ്യായത്തിൽ ഈസാ നബിയുടെ ഇറക്കം എന്ന ഉപാദ്ധ്യായത്തിൽ വാഗ്ദത്ത മസീഹിനെക്കുറിച്ച് പറയുന്ന വ്യക്തമായ ഹദീസുണ്ട്. അതായത് ***യളഉൽഹറബ്*** വാഗ്ദത്ത മസീഹ് യുദ്ധം ചെയ്യുകയില്ലെന്ന്. ഒരുഭാഗത്ത് നിങ്ങൾ പറയുന്നു സഹീഹ് ബുഖാരി എന്ന ഹദീസ് ഗ്രന്ഥം വിശുദ്ധഖുർആനുശേഷം അസഹുൽകുതുബ് ആണെന്ന്. മറുഭാഗത്ത് സഹീഹ് ബുഖാരി എന്ന ഹദീസുഗ്രന്ഥത്തിനെതിരെ, അതിൽപറഞ്ഞ കാര്യങ്ങൾക്കു വിരുദ്ധം വിശ്വസിക്കുന്നു."

അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണമാണിത്. ഇത് ഖുർആനും ഹദീസും അനുസരിച്ചാണ്. വ്യക്തമായ നിലയിൽ നാം പറയുന്നു, പറഞ്ഞുവന്നതാണ് പറഞ്ഞുകൊണ്ടിരിക്കുന്നതാണ്, ഇവർ ചെയ്യുന്ന ജിഹാദ് ജിഹാദല്ല. ഇത് ഭീകരപ്രവർത്തനമാണ്. ഇത് അടിമുടി ഇസ്ലാമികാദ്ധ്യാപനങ്ങൾക്കു വിരുദ്ധമാണ്. ഇന്നലെ കറാച്ചിയിൽ ചാവേർ ആക്രമണം ഉണ്ടായി. ഇവർതന്നെയാണ് ഇസ്ലാമിന്

ദുഷ്പേരുണ്ടാക്കുന്നത്. അത്തരം ആക്രമങ്ങളിൽ സ്വന്തം രാജ്യത്തെ നിരപരാധികളുടെ ജീവനും ഇക്കൂട്ടർ നഷ്ടപ്പെടുത്തുന്നു. ഇക്കൂട്ടർ തെറ്റായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ട്, ഇസ്‌ലാമിന്റേയും നബിതിരുമേനി(സ)യുടേയും അദ്ധ്യാപനങ്ങളെ നിഷേധിക്കുന്നവരായിത്തീരുന്നു. അഹ്മദി ഇന്ന് നബി(സ) തിരുമേനിയുടെ സന്ദേശം ലോകത്ത് എത്തിക്കുന്നതിനുവേണ്ടി ജിഹാദ് ചെയ്യുന്നു. ഇവരിലാരാണ് ഇസ്‌ലാമികപാഠങ്ങളെ ഈ രീതിയിൽ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നവർ. നിങ്ങളുടെ ഈ ഭീകരപ്രവർത്തനത്തിലും, ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്നു. ഇവർ ചെയ്യുന്ന ജിഹാദിൽ അഹ്മദികൾ മുമ്പേയും പങ്കെടുത്തിട്ടില്ല, ഇനിയൊട്ടു പങ്കെടുക്കുകയുമില്ല.

എന്തായാലും, ഇതിപ്പോൾ നടക്കുന്നത് അഹ്മദിയ്യാ ജമാഅത്തിന് ദുഷ്പേരുണ്ടാക്കാനുള്ള ശ്രമമാണ്. അത് മുമ്പ് ഉണ്ടായിക്കൊണ്ടിരുന്നതാണ്. ഈ പത്രത്തിനോടും ഞാൻ പറയട്ടെ. നിങ്ങൾ ഓർമ്മിക്കേണ്ടതാണ്. ഇത് പാക്കിസ്ഥാനിലെ മുല്ലാമാരുടെ ഇച്ഛകൊണ്ട് ഭരിക്കുന്ന സർക്കാരിനെപോലുള്ള സർക്കാരല്ല. അവിടെ മുല്ലമാർ പറയുന്നതുപോലെയാണ് നിയമം പാസാകുന്നത്. നീതിയുണ്ടാകുകയില്ല. എന്തായാലും ഒരുപരിധിവരെ, ഡന്മാർക്കിലെ ജനങ്ങളിൽ നീതിയുണ്ട്. നമ്മൾ എല്ലാ നിയമങ്ങളും ഈ ഓഫീസർ പറഞ്ഞതും മറ്റും സംഘടിപ്പിച്ചുവരികയാണ്. ഇതുമുഖേന ഡന്മാർക്കിലെ ഭരണത്തേയും ഇവർ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഭരണകൂടത്തിനും ഇതിൽ പങ്കുണ്ടെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ്. ഇത് പത്രക്കാരുടെ പണിയാണെന്നും താൻ അതിനെ വെറുക്കുന്നുവെന്നും അവിടെത്തെ പ്രധാനമന്ത്രി പല പ്രാവശ്യവും വിശദീകരണം നല്കിക്കഴിഞ്ഞിട്ടുള്ളതാണ്. എന്നാൽ, പത്രസ്വാതന്ത്ര്യം കണക്കിലെടുത്ത് ഒന്നും പറയാൻ കഴിയുന്നില്ല. ഇതൊരു തെറ്റായ കാര്യമാണ്. എന്തായാലും പ്രധാനമന്ത്രി ഈ പ്രവൃത്തിയെ സ്വാഗതം ചെയ്യുന്നയാളല്ല. എന്നാൽ, ഭരണകൂടത്തിനും ഇതിൽ പങ്കുണ്ടെന്ന് പത്രം പറയുന്നു. ഈ പ്രവൃത്തിയ്ക്കെതിരെ നടപടിയെടുക്കാൻ ഡന്മാർക്കിലെ സർക്കാരിനും അവകാശമുണ്ട്. ഇന്ന് മുസ്‌ലിം ലോകത്ത് ഡന്മാർക്കിന്നെതിരെ തീ കത്തിക്കൊണ്ടിരിക്കുകയാണ്. ഈ പത്രം സ്വനിർമ്മിത വാർത്തയുണ്ടാക്കി അവരുടെ പേരിൽ പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഇത് പണ്ടേ കത്തിക്കൊണ്ടിരിക്കുന്ന അഗ്നിയെ വീണ്ടും ആളിക്കത്തിക്കുന്ന കാര്യമാണ്.

ഡന്മാർക്കിലെ ഒരുന്നത സെക്യൂരിറ്റി ഏജൻസിയുമായി നമ്മൾ ബന്ധപ്പെട്ടിരുന്നു. അവരുടെ ഓഫീസർ, തങ്ങളുടെയടുത്ത് അങ്ങനെയൊരു വാർത്തയേ വന്നിട്ടില്ലെന്ന് വ്യക്തമായും പറഞ്ഞു. ഇതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ കൂടുതൽ കാര്യങ്ങൾ പുറത്തുവരും. ആദ്യം ഈ പത്രം ഇതിന്റെ വീഡിയോ ടേപ്പ് തങ്ങളുടെ കൈയിലുണ്ടെന്ന് എഴുതി. എന്നാൽ, നാം ബന്ധപ്പെട്ടപ്പോൾ പറയുന്നത്, വീഡിയോ ടേപ്പില്ല ഓഡിയോ ടേപ്പാണുള്ളതെന്ന്. ഞാൻ പറഞ്ഞതുപോലെ കളവിന് കാലുണ്ടാകുകയില്ല. ഈ വിവരണം ഇവർ മാറ്റിക്കൊണ്ടേയിരിക്കും. ഇതാണ് പാക്കിസ്ഥാനീ പത്രപ്രവർത്തനത്തിന്റെ അവസ്ഥ.

ഞാൻ പറയട്ടെ, ഇക്കാര്യം ഇവിടെത്തന്നെയങ്ങ് അവസാനിക്കുകയില്ല. ഞങ്ങളുടെമേൽ ഈ അവസരത്തിൽ ഇത്ര ഗുരുതരമായ ആക്ഷേപം ഉന്നയിക്കപ്പെട്ടിരിക്കുകയാണ്. ഇവിടെത്തെ നിയമം എന്തൊക്കെ അനുവദിക്കുന്നുണ്ടോ അതൊക്കെ ഞങ്ങൾ വിനിയോഗിക്കുന്നതാണ്. മാന്യരായ മുസ്‌ലിംകൾ ഇവരുടെ ധാർമ്മികസ്വഭാവം എങ്ങനെയുള്ളതാണെന്ന് മനസ്സിലാക്കാൻ വേണ്ടി. ഞങ്ങളുടെമേൽ ആക്ഷേപമുണ്ടായപ്പോഴെല്ലാം ഞങ്ങൾ ക്ഷമയോടുകൂടി വാഗ്ദത്ത മസീഹിന്റെ ഈ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിച്ചുവന്നവരാണ്. അവിടന്ന് പറയുന്നു: ‘എനിക്ക് നല്ലവണ്ണമറിയാം. നാം നേരായ പാതയിലൂടെ നടക്കുകയും നബി(സ)യെ സത്യഹൃദയത്തോടെ പിൻപറ്റുകയും വിശുദ്ധഖുർആന്റെ പരിശുദ്ധമായ പാഠങ്ങൾ ജീവിതത്തിൽ പാലിക്കുകയും പറയുകയല്ല, കർമ്മത്തിലൂടെ സ്ഥാപിച്ചുകാണിക്കുകയും ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ സഹായമുണ്ടാകുന്നത്. നാം ഈ മാർഗ്ഗത്തെ സ്വായത്തമാക്കുകയാണെങ്കിൽ തീർച്ചയായും ഓർമ്മിച്ചുകൊള്ളുക, മുഴുലോകവും ഒന്നായിക്കൊണ്ട് നമ്മെ നശിപ്പിക്കാൻ ശ്രമിച്ചാലും നമ്മൾ നശിക്കുകയില്ല. കാരണം അല്ലാഹു നമ്മോടൊപ്പമുണ്ടായിരിക്കും.

അല്ലാഹു നമുക്ക് എപ്പോഴും ഈ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ സൗഭാഗ്യം നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. എപ്പോഴും നമ്മോടൊപ്പമുണ്ടായിരിക്കുമാറാകട്ടെ. ഈ ദുഷ്പ്രകൃതക്കാരെ മറ്റുള്ളവർക്ക് ഒരു പാഠമാക്കിത്തീർക്കട്ടെ.

Khuthba: Hadhrat Mirza Masroor Ahmad Khalifathul Masih V
on 3.3.2006 at Baitul Futuh, London *Translated by: Muhammad Ismail, Alleppey*